II.ഇ.ബി. XII-കേരള നിയമസഭ/XI-9

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 2, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

27 (*241) ഉന്നത വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കാരം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ ബേബി) നൽകിയ മറുപടിയിൽ, ഉന്നത വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരാനുദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങളെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സാഹിത്യത്തിനും ഭാഷയ്ക്കും വേണ്ട പ്രാധാന്യം നൽകിയാണ് കോമൺ കോഴ്സുകളുടെ മാതൃകാ സിലബസ്സുകൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയിട്ടുള്ളത്. ഭാഷാ സാഹിത്യ പഠനത്തിന് കൂടുതൽ സമഗ്രത കൈവരുമെന്നതും അവതരണത്തിന് പുതിയ രീതി അവലംബിക്കപ്പെടുമെന്നതും നിർദ്ദിഷ്ട ഉന്നത വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ എടുത്തുപറയേണ്ട പ്രത്യേകതകളാണ്. വിജ്ഞാനം ആർജ്ജിക്കാനുള്ള കഴിവും അതിനുള്ള അവസരവും മെച്ചപ്പെടുന്നതോടൊപ്പം അഭിരുചിക്കനുസരിച്ച് പഠന വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും വിദ്യാർത്ഥികൾക്ക് പുതിയ പാഠ്യപദ്ധതിയിൽ ലഭിക്കും.

ബഹുവൈജ്ഞാനിക പഠനത്തിന് അവസരം നൽകിക്കൊണ്ട് അന്തർ വൈജ്ഞാനിക മേഖലകളുടെ വികസനത്തിനുള്ള സാദ്ധ്യത ഉണ്ടാക്കുക യാണ് ഇതിന്റെ ലക്ഷ്യം. ആവശ്യമായ പഠനങ്ങളും ചർച്ചകളും നടത്തിയ ശേഷമാണ് പരിഷ്ക്കരണങ്ങൾക്ക് തുടക്കമിട്ടിരിക്കുന്നത്. ബിരുദ വിദ്യാഭ്യാസത്തെ ശാസ്ത്രീയമാക്കാൻ ലോകം അംഗീകരിച്ചിട്ടുള്ള ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം ഇന്ത്യയിലെ മറ്റുചില സർവ്വകലാശാലകളിൽ നടപ്പാക്കിയിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷമായി ഇതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്ന കേരളത്തിൽ 2005-06-ൽ കണ്ണൂർ സർവ്വകലാശാലയിലാണ് ഈ സിസ്റ്റത്തിനുള്ള പരിശ്രമങ്ങൾ ആദ്യമായി ആരംഭിച്ചത്. ഇതുസംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളും അദ്ധ്യാപക സംഘടനകളും കോളേജ് പ്രിൻസിപ്പൽമാരും മാനേജുമെന്റുകളുമായി നിരവധി തവണ ചർച്ചകളും ശിൽപശാലകളും നടത്തിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി അംഗങ്ങൾക്ക് ഇതുസംബന്ധിച്ച് ചർച്ച ചെയ്യാനുള്ള അവസരം ഉണ്ടാക്കാവുന്നതാണ്. ഈ വർഷം തന്നെ ഇത് നടപ്പിലാക്കണമെന്ന നിർബന്ധമില്ല. കേരള സർവ്വകലാശാല അടുത്ത വർഷംമുതലാണ് ഇത് നടപ്പാക്കുന്നത്. ഈ സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് കോളേജുകളിലെ ഒഴിവുകൾ മുഴുവൻ അടിയന്തിരമായി നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എയ്ഡഡ് കോളേജുകളിലെ വർക്ക്ലോഡ് നിശ്ചയിക്കുന്നതിനും തസ്തികകൾ അനുവദിക്കുന്നതിനുമുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ജൂലൈ മാസത്തിൽ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റവും അന്തർ മൂല്യനിർണ്ണയവും നടത്തുമ്പോൾ ഇന്റേണൽ അസ്സസ്മെന്റിന് മാർക്ക് ഇടുന്നതുമായി ബന്ധപ്പെട്ട പരാതികൾ

ഡിപ്പാർട്ടുമെന്റ് തലത്തിലും കോളേജ് തലത്തിലും യൂണിവേഴ്സിറ്റി തലത്തിലും പരിശോധിക്കാനും പരിഹരിക്കാനുമുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. ഡയറക്ട് ഗ്രേഡിംഗ് വരുമ്പോൾ എങ്ങനെയാണ് ഓരോ വിദ്യാർത്ഥിക്കും മാർക്ക് നൽകേണ്ടത് എന്നതുസംബന്ധിച്ച് വിവിധ ബോർഡ് ഓഫ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ ഓരോ വിഷയവും ഭാഷയും പഠിപ്പിക്കുന്ന അദ്ധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് പഠന പരിപാടികളും ശിൽപ്പശാലയും നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിലുള്ള പരിഷ്ക്കാരങ്ങൾക്ക് ബൗദ്ധിക നേതൃത്വം കൊടുക്കാൻ ശേഷിയുള്ള വൈസ്ചാൻസിലർമാരാണ് ഇത് നടപ്പാക്കുന്നത്. ഇതുസംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ നിരന്തരമായ ചർച്ചകളും അവലോകനയോഗങ്ങളും മുൻ ഒരുക്കങ്ങളും നടക്കുന്നുണ്ട്. പരീക്ഷാ നടത്തിപ്പ് ശാസ്ത്രീയമായി നവീകരിക്കുന്നതിനും കമ്പ്യൂട്ടർവൽക്കണം ഏർപ്പെടുത്തുന്നതിനുമുള്ള ചർച്ച നടന്നുകൊണ്ടിരിക്കുന്നു. സെമസ്റ്റർ സിസ്റ്റം വരുന്നതോടുകൂടി സപ്ലിമെന്ററി സിസ്റ്റം ഇല്ലാതാവുകയും സർവ്വകലാശാലകളുടെ പരീക്ഷാഭാരം കുറയുകയും പരീക്ഷ നടത്തിപ്പിൽ വരുന്ന കാലതാമസം ഘട്ടംഘട്ടമായി കുറയ്ക്കാൻ കഴിയുകയും ചെയ്യും. മാത്രമല്ല, . ആന്തരിക മൂല്യനിർണ്ണയം പൂർണ്ണമായും ഇല്ലാതാവുകയും ഘട്ടംഘട്ടമായ മൂല്യനിർണ്ണയം ഓരോ സ്ഥാപനത്തേയും കേന്ദ്രീകരിച്ച് നടക്കുകയും ചെയ്യുന്നതിന്റെ ഫലമായി റിസൾട്ട് വരുന്നതിലുള്ള കാലതാമസം ഒഴിവാക്കാനും കഴിയും. ഇപ്പോൾ പ്രൈവറ്റായി പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് പഴയ സമ്പ്രദായത്തിൽ ത്തന്നെയുള്ള പഠനവും പരീക്ഷയും നടത്താവുന്നതാണ്. പുതിയ പരിഷ്ക്കാരത്തിന്റെ പരിധിയിലേയ്ക്ക് വിദൂര വിദ്യാഭ്യാസത്തെ അടുത്ത ഘട്ടത്തിൽ

കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. റാംധക്വാലെ കമ്മിറ്റി റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ഓപ്പൺ യൂണിവേഴ്സിറ്റി അടിയന്തിരമായി തുടങ്ങാൻ നടപടി കൈക്കൊള്ളുന്നതാണ്. ഭാഷാ പഠനത്തിന്റെ പ്രാധാന്യം കുറയുന്നതുസംബന്ധിച്ച് പ്രശസ്ത സാഹിത്യകാരൻമാരും എഴുത്തുകാരും ഗവൺമെന്റിന്റെയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. യു.ജി.സി. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പൊതു മാർഗ്ഗരേഖയ്ക്കും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകിയിട്ടുള്ള മാർഗ്ഗരേഖയ്ക്കും ഉള്ളിൽ നിന്നുകൊണ്ട് ഓരോ സർവ്വകലാശാലയ്ക്കും ഭാഷാപഠനത്തിൽ ആവശ്യമായ മാറ്റം വരുത്താവുന്നതാണ്. പുതിയ പാഠ്യപദ്ധതി പരിഷ്ക്കരണം നടപ്പാക്കി വരുമ്പോൾ ബിരുദതല പഠനത്തിൽ അടിസ്ഥാനപരമായ മാറ്റം വരുന്നുണ്ട്. ഓരോ വിഷയവും എങ്ങനെ പഠിപ്പിക്കണമെന്നുള്ളതുസംബന്ധിച്ച് പാഠ്യപദ്ധതിയിൽ മൂന്ന് വ്യത്യസ്ത ഭാഗങ്ങളാണുള്ളത്. പുതിയ മെത്തഡോളജി വരുന്നതോടുകൂടി പാഠ്യപദ്ധതിയുടെ ഭാഗമായി പഠിക്കാൻ കൊടുക്കുന്ന ഭാഗത്തിനുപുറമെ വായിക്കാനും പഠിക്കാനും ഗവേഷണം നടത്താനുമുള്ള ഒരു രീതി ഭാഷയുടേയും സാഹിത്യത്തിന്റേയും പഠനത്തിൽ ഉണ്ടാകുകയാണ്. ഇതിനുപുറമെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കണക്കനുസരിച്ച് ഈ സിസ്റ്റം പൂർത്തിയാക്കാൻ 5 മുതൽ 10 വർഷംവരെ വേണ്ടിവരും. ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി കോമേഴ്സ് ഗ്രൂപ്പിന്റെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കുന്നതാണ്. പുതിയ കേന്ദ്ര നിയമ വ്യവസ്ഥയിലുൾപ്പെടുത്തി ആസ്തി ബാധ്യതകൾ കൈമാറിക്കൊണ്ട് കുസാറ്റിനെ ഐ.ഐ.ടി.യാക്കി ഉയർത്തുക എന്ന കേരള

ഗവൺമെന്റിന്റെ ആവശ്യം മറികടന്ന് 'നിറ്റി'ന്റെ കീഴിൽ കൊണ്ടുവന്ന് പരിഷ്ക്കരിക്കുന്നതിനുള്ള നടപടിയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്ത് കുസാറ്റിനെ ലോകനിലവാരത്തിലുള്ള സ്ഥാപനമാക്കിമാറ്റാൻ കഴിയുമെന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. കേരളത്തിലെ മെഡിക്കൽ, എഞ്ചിനീയറിംഗ് പരീക്ഷകളിൽ പ്ലസ്ടു മാർക്കുകൂടി മാനദണ്ഡമാക്കുമ്പോൾ സംസ്ഥാന സിലബസ്സിലും സി.ബി.എസ്.ഇ. സിലബസ്സിലും പഠിക്കുന്ന കുട്ടികളുടെ മാർക്കിൽ വരുന്ന വ്യത്യാസത്തിന് ഇപ്പോൾ വികസിപ്പിച്ചെടുത്തിട്ടുള്ള ശാസ്ത്രീയ സംവിധാനം അനുസരിച്ച് പരിഹാരം കാണുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

28 (*242) <u>ഭൂരഹിതർക്ക് ഭൂമി</u>

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഭൂരഹിതരായ പാവപ്പെട്ടവർക്കും, പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കും തോട്ടം തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി കൾക്കും ഭൂമിയുടെ ലഭ്യതയും അപേക്ഷകരുടെ എണ്ണവും കണക്കിലെടുത്ത് 3.5 സെന്റ് മുതൽ 50 സെന്റ് വരെ ഭൂമി വിതരണം ചെയ്തുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇടുക്കി ജില്ലയിൽ കയ്യേറ്റം ഒഴിപ്പിച്ചെടുത്ത 1664.42 ഏക്കർ ഭൂമിയിൽ നിന്നും 4 മുതൽ 50 സെന്റ് വരെ ഭൂമി അർഹരായ പാവപ്പെട്ടവർക്കും വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്ത് ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്നതിനുശേഷം ഇതുവരെയായി 42,577.42 ഹെക്ടർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കുകയും 38,399.5

ഹെക്ടർ ഭൂമി ഏറ്റെടുത്ത് ഗവൺമെന്റിൽ നിക്ഷിപ്തമാക്കുകയും 1,57,950 പേർക്കായി 28,012.8 ഹെക്ടർ ഭൂമി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. താലൂക്ക് ലാൻഡ് ബോർഡുകളിലും ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കിടക്കുന്ന മിച്ചഭൂമി കേസുകൾ തീർപ്പാകുന്ന മുറയ്ക്കുമാത്രമേ അവ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. കുറച്ചുഭൂമി ഇപ്പോൾ വിതരണം ചെയ്യുന്നതിനായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. 63 താലൂക്ക് ലാൻഡ് ബോർഡുകൾ പുന:സംഘടിപ്പിച്ച് ആഴ്ചയിൽ രണ്ട് സിറ്റിംഗ് എങ്കിലും നടത്തി കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുകാര്യത്തിനായി നേരത്തേ ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള 12,000-ത്തോളം ഹെക്ടർ ഭൂമി പൊതുകാര്യത്തിന് ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ മിച്ചഭൂമിയായി കണക്കാക്കി പാവപ്പെട്ടവർക്ക് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഭൂരഹിതരായ പാവപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിന് ഭൂമി നൽകുന്നതിനായി ജനപ്രതിനിധകളുൾപ്പെട്ട ലാൻഡ് അസൈൻമെന്റ് കമ്മിറ്റികൾ പുന:സംഘടിപ്പിച്ച് അവ സജീവമായി പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഇടുക്കി ജില്ലയിൽ 1993-ൽ വിതരണം ചെയ്ത 28,000-ത്തോളം ഹെക്ടർ ഭൂമിക്ക് പട്ടയം കൊടുത്തതുസംബന്ധിച്ച് 20-3-2009-ൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് സ്വീകരിച്ച മലയോര കർഷക പട്ടയവിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ലാൻഡ് റവന്യൂ

അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുകയും അതിന് നിയമപരമായ സംരക്ഷണം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പുഴ പുറമ്പോക്കിലും മറ്റ് അപകടമുള്ള സ്ഥലത്തും താമസിക്കുന്ന ഭൂരഹിതരായവർക്ക് ഭൂമി കൊടുക്കുന്നതിനായി 950 ഏക്കർ ഭൂമി ഇപ്പോൾ വിതരണയോഗ്യമായി ലിസ്റ്റ് ചെയ്യുകയും അതിൽ പകുതിയോളം ഭൂമിക്ക് അപേക്ഷ സ്വീകരിക്കുകയും ചെയ്തുകൊണ്ടി രിക്കുന്നു. താനൂർ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ പട്ടയവിതരണം സംബന്ധിച്ച് ആഗസ്റ്റ് അവസാനത്തോടുകൂടി നടപടിയെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. തീക്കോയി, കൂട്ടിക്കൽ വില്ലേജുകളിലെ പട്ടയവിതരണം സംബന്ധിച്ച് പ്രത്യേകമായി പരിശോധിച്ച് നിർദ്ദേശം നൽകുന്നതാണ്. മുഖ്യമന്ത്രിയും പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ചേർന്നുനടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ചെങ്ങറ സമരം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ഭൂരഹിതരായവർക്ക് ഭൂമിയും വീടും നൽകുന്നതിന് 5000 കോടി രൂപയുടെ ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

29 (*243) തെങ്ങുകൃഷി പുനരുദ്ധാരണം

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, തെങ്ങിൻ തോട്ടങ്ങളുടെ പുനർനടീലും പുനരുദ്ധാരണവും എന്ന പദ്ധതി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പാക്കുന്ന

തിനുള്ള അംഗീകാരത്തിനായി നാളികേര വികസന ബോർഡ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. രോഗം ബാധിച്ചതും പഴക്കം ചെന്നതുമായ തെങ്ങുകൾ, തെങ്ങൊന്നിന് 500 രൂപ നിരക്കിൽ ധനസഹായം നൽകി മുറിച്ചുമാറ്റുക, തെങ്ങിൻതൈ ഒന്നിന് 20 രൂപ നിരക്കിൽ സഹായം നൽകി പുനർനടീൽ, രണ്ടു വർഷത്തേയ്ക്ക് ഹെക്ടറിന് 15,000 രൂപ നിരക്കിൽ സബ്സിഡി നൽകി ആധുനിക മാർഗ്ഗങ്ങളുപയോഗിച്ച് തെങ്ങിൻതോട്ടങ്ങൾ പുനരുദ്ധരിക്കുക എന്നിവയാണ് ഈ പദ്ധതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ തെങ്ങുകൃഷി മേഖലയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കൈവരിക്കാനാകും. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ട് ആരംഭിക്കുന്ന സമയത്ത് നടക്കുന്ന സർവ്വേയുടെ അടിസ്ഥാനത്തിലാണ് വെട്ടിമാറ്റുന്ന തെങ്ങുകളുടെ എണ്ണം നിശ്ചയിക്കുന്നത്. രോഗം ബാധിച്ച 1,43,00,000 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് പരിശീലനം സിദ്ധിച്ച ആളുകളെ സംഘടിപ്പിക്കുന്നതിനുള്ള ചർച്ചകൾ ഒക്ടോബർ 7, 8, 9 തീയതികളിൽ നടത്തുന്നതാണ്. സംസ്ഥാന കൃഷി വകുപ്പും കേരള കാർഷിക സർവ്വകലാശാലയും നാളികേര വികസന ബോർഡും ചേർന്ന് ഈ പദ്ധതിയുടെ പുനർനടീൽ ഘടകത്തിന് വേണ്ടിയുള്ള അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് സഹായിക്കും. കേരളത്തിലെ തെങ്ങിന്റെ ഉല്പാദനക്ഷമത ദേശീയ ശരാശരിയേക്കാൾ കുറവായതിന് പ്രധാനപ്പെട്ട കാരണം മറ്റു സംസ്ഥാനങ്ങളിലെപ്പോലെ കേരളത്തിലെ തെങ്ങുകൃഷിക്ക് ശാസ്ത്രീയമായ പരിചരണമോ ശരിയായ വളപ്രയോഗമോ

കൃത്യമായ നിരീക്ഷണമോ നടക്കുന്നില്ല എന്നുള്ളതാണ്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ കാർഷികോല്പന്നങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ആഘാതം ഏൽപിക്കുന്ന ഇറക്കുമതി നടത്തുമ്പോൾ സംസ്ഥാന ഗവൺമെന്റുമായി ചർച്ച നടത്തണമെന്നും വെളിച്ചെണ്ണയ്ക്ക് സബ്സിഡി നൽകണമെന്നുമുള്ള ആവശ്യം പലതവണ കേന്ദ്രഗവൺമെന്റിനുമുന്നിൽ ഉന്നയിച്ചിട്ടുണ്ടെന്നും മണ്ഡരി രോഗം തടയുന്നതിനുള്ള പ്രോജക്ട് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1976 മുതൽ 2228 വരെയുള്ള ചോദ്യങ്ങളിൽ 66 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)